പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5794 | 09/07/2012 ൽ മറുപടിയ്ക്ക്

# റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സണ്ണി ജോസഫ്: | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിലെ വിവിധ സേവനങ്ങൾ അക്ഷയ കേന്ദ്രം മുഖേന നൽകുന്നതിനാൽ സമയ നഷ്ടവും, സാമ്പത്തിക നഷ്ടവും ഉൾപ്പെടെ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) | പ്രസ്തുത കാര്യങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുള്ളതും, എല്ലാ ആഴ്ചയിലും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വീഡിയോ കോൺഫറൻസിംഗിലൂടെ അവലോകനം നടത്തി വരുന്നതുമാകുന്നു. |
| (സി) ഇതര വകുപ്പുകളിൽ ഉള്ളതുപോലെ റവന്യൂ വകുപ്പിലെ വിവിധ സേവനങ്ങൾ കമ്പ്യൂട്ടർ-വൽക്കരിക്കുമ്പോൾ അതാത് ഓഫീസുകളിൽ തന്നെ അവ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | റവന്യൂ വകുപ്പിലെ വിവിധ സേവനങ്ങൾ ഇപ്പോഴും അതാത് ഓഫീസുകൾ വഴി തന്നെയാണ് നൽകി വരുന്നത്. റവന്യൂ വകുപ്പിന്റെ വിവിധ സേവനങ്ങൾ എപ്പോഴും എവിടേയും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് കമ്പ്യൂട്ടർ വൽക്കരണ നടപടികൾ മുൻപോട്ട് കൊണ്ടുപോകുന്നത്. പ്രസ്തുത നടപടികളിലൂടെ സേവനങ്ങൾ വേഗത്തിലും ഉത്തരവാദിത്വത്തോടുകൂടി സുതാര്യവു മായി നൽകുന്നതിനാണ് റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർ വൽക്കരണം അന്തിമമായി ലക്ഷ്യമിടുന്നത്. ആയതിനാൽ തന്നെ റവന്യൂ ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്ന നടപടികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ